പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1383 | 13.07.2016 ൽ മറുപടിയ്ക്ക് |

## യുവജന നയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീ.പിണറായി വിജയൻ<br>(ബഹു. മുഖ്യമന്ത്രി) |
| എ) മുൻ സർക്കാരിന്റെ കാലത്ത് യുവജന നയം പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ; | എ) ഉണ്ട്. |
| ബി) പ്രസ്തുതനയം നടപ്പാക്കാൻ ആസൂത്രണം ചെയ്ത കർമ്മ പദ്ധതികളെന്തെല്ലാമാണെന്ന് വിശദമാക്കാമോ;<br>സി) യുവജനങ്ങളുടെ അവകാശങ്ങളും ക്ഷേമവും സംബന്ധിച്ച കാര്യങ്ങൾ ഉറപ്പ് വരുത്തുന്നതിന് കൈക്കൊണ്ട നടപടികളെന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) & (സി) യുവജന നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ പുതിയ പദ്ധതികളോടൊപ്പം പഴയ പദ്ധതികൾ കൂടി പുതുക്കി നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.<br><br>കേരളോത്സവം, തൊഴിൽ രഹിതർക്കുവേണ്ടി ജോബ് ഫെസ്റ്റുകൾ, ജീവദായിനി - രക്തദാന പദ്ധതി, യുവസംരംഭകത്വ പരിശീലനങ്ങൾ, പ്രകൃതി ദുരന്തത്തിനിരയാകുന്നവർക്കായി ദുരന്ത നിവാരണ സേന,മദ്യം, മയക്കമരുന്ന് തുടങ്ങിയ സാമൂഹ്യ വെല്ലുവിളികൾക്കെതിരെ യുവജാഗ്രതാ യാത്ര, യുവജനങ്ങളെ സാമൂഹ്യ സേവനത്തിന് സജ്ജമാക്കുന്നതിന് പുനർജ്ജനി - രക്തദാനസേന, കാർഷികസാക്ഷരത പദ്ധതി, യുവജനങ്ങളിൽ ദേശീയബോധം വളർത്തുന്നതിനായി ദേശീയോദ്ഗ്രഥന ക്യാമ്പ്. പി.എസ്.സി/ബാങ്ക് പരീക്ഷാ സൗജന്യ പരിശീലന പദ്ധതി, ഡി.റ്റി.പി പരിശീലനം. യുവമാധ്യമ പ്രവർത്തക ക്യാമ്പ്. സാഹിത്യക്യാമ്പ്, ചലച്ചിത്രക്യാമ്പ്, സ്ത്രീ ശാക്തീകരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വനിതാ ശില്പശാലകൾ. നാടൻകലാമേളകൾ, ഗോത്രവർഗ്ഗ |

കലാമേളകൾ, പെയിന്റിംഗ് ശില്പശാല, യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്, വ്യക്തിത്വ വികസന പരിശീലനങ്ങൾ മുതലായ പരിപാടികൾ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കി വരുന്നു. കൂടാതെ വിവിധ യുവജനക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പരിപാടികൾക്കും പ്രോജക്ടുകൾക്കുമായി ധനസഹായം നൽകിയിട്ടുണ്ട്. ഇതിന് പുറമേ പട്ടിക വർഗ്ഗവികസനവകുപ്പിന്റെ യുവജനക്ഷേമ പ്രവർത്തനങ്ങൾക്കും സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന യുവജനകമ്മീഷൻ യുവജന നയത്തിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രകാരം മദ്യം, മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർകുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരേയും റോഡ് സുരക്ഷ, മാനസികാരോഗ്യം എന്നിവ സംബന്ധിച്ചും യുവാക്കൾക്കിടയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടേയും മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപെട്ടവരുടെയും അവകാശങ്ങളെ സംബന്ധിച്ച്, പ്രസ്തുത വിഭാഗങ്ങൾക്കിടയിൽ ബോധവത്ക്കരണ പ്രവർത്തനങ്ങൾ കമ്മീഷൻ മുഖേന നടത്തിവരുന്നു. യുവാക്കളുടെ അവകാശങ്ങൾ യുവാക്കളുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ എന്നിവ ഉൾപ്പെടുത്തി സെമിനാറുകൾ, യോഗങ്ങൾ, നാഷണൽ യൂത്ത് മീറ്റ് ഉൾപ്പെടെയുള്ള കൂട്ടായ്മകൾ, സാഹിത്യം, കല, സാമൂഹ്യ സേവനം, കൃഷി വ്യവസായം, കായികം തുടങ്ങിയ മേഖലകളിൽ നേട്ടങ്ങൾ കൈവരിച്ച യുവാക്കൾക്ക് പ്രോത്സാഹനം നൽകുന്നതിനായി യൂത്ത് ഐക്കൺ അവാർഡ്, യുവജനങ്ങൾക്ക് തൊഴിൽ അവസരങ്ങൾ സംബന്ധിച്ച അറിയിപ്പ് നൽകുന്നതിനും അതുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും അവരെ ബന്ധിപ്പിക്കുന്നതിനുമായി ഒരു "ജോബ് പോർട്ടൽ" എന്നിവയും കമ്മീഷൻ മുഖേന നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| ഡി) | ഇതിനായി ഭരണതലത്തിൽ എടുത്തിട്ടുള്ള നടപടികളെന്തെല്ലാമാണെന്ന് വിശദമാക്കാമോ? | ഡി) | മേൽ പദ്ധതികൾ നടപ്പാക്കുന്നതിനായി കേരളോത്സവം, യുവശക്തി, യുവവികാസ്, മറ്റിനങ്ങൾ തുടങ്ങിയ ഇനങ്ങളിലായി ബജറ്റ് വിഹിതമായി തുക അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.